I ഇ.ബി. XIV - കേരള നിയമസഭ /V-7

# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 മേയ് 05, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

ആയുധ ശേഖരം

മി. സ്പീക്കർ: എറണാകുളം മഹാരാജാസ് കോളേജിലെ ഹോസ്റ്റലിൽനിന്നും വാക്കത്തി, ഇരുമ്പുദണ്ഡ്, വടിവാൾ, ബോംബ് തുടങ്ങിയ മാരകായുധങ്ങൾ പോലീസ് സെർച്ചിൽ കണ്ടെത്തിയത് അദ്ധ്യാപക-വിദ്യാർത്ഥി സമൂഹത്തിലും പൊതുസമൂഹത്തിലും ഉയർത്തിയ ആശങ്കയും പ്രിൻസിപ്പലിന്റെ കസേര കത്തിച്ച കേസിൽ തൃപ്തികരമായ നടപടി സ്വീകരിക്കാത്തതും ബാഹ്യ ഇടപെടൽമൂലം

ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ പോലീസിന് കഴിയാത്തതുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന അതീവഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി.ടി. തോമസ്, കെ. എം. ഷാജി, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): എറണാകുളം മഹാരാജാസ് കോളേജിന്റെ ഹോസ്റ്റൽ മുറിയിൽ ആയുധങ്ങൾ സൂക്ഷിച്ചിട്ടുണ്ടെന്നും ഇക്കാര്യത്തിൽ നടപടി സ്വീകരിക്കണമെന്നുമാവശ്യപ്പെട്ട് കോളേജ് പ്രിൻസിപ്പൽ എറണാകുളം സെൻട്രൽ പോലീസ് ഇൻസ്പെക്ടർക്ക് പരാതി നൽകിയതിനെത്തുടർന്ന് ഹോസ്റ്റലിലെ മുറി പരിശോധിച്ചതിൽ നിർമ്മാണ പ്രവർത്തനത്തിനുപയോഗിക്കുന്ന സാധനങ്ങൾ കണ്ടെടുത്തതായി സെർച്ച് ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കണ്ടെടുത്ത സാധനങ്ങൾ പ്രിൻസിപ്പലിന്റെയും അദ്ധ്യാപകരുടെയും സാന്നിദ്ധ്യത്തിൽ പരിശോധിച്ച് പട്ടിക തയ്യാറാക്കി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയുധങ്ങൾ സൂക്ഷിച്ചിരുന്നവരെ കണ്ടെത്തുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടന്നുവരുന്നു. കോളേജ് അധികൃതർ നൽകിയിരുന്ന താത്കാലിക മുറിയിൽ താമസിച്ചിരുന്ന 6 വിദ്യാർത്ഥികൾ 30.04.2017-ന് മുറി ഒഴിഞ്ഞുപോയതിനുശേഷം പിറകുവശത്ത് ഏണി ചാരിയ നിലയിലും മുൻവശത്തെ

വാതിലും ജനലും തുറന്നുകിടക്കുന്നതായും കോളേജ് അദ്ധ്യാപകൻ മൊഴി നൽകിയിട്ടുണ്ട്. വിദ്യാർത്ഥികൾ പോയതിനുശേഷം മറ്റാരോ കൊണ്ടുവച്ച വസ്തുക്കളാകാനാണ് സാദ്ധ്യത. പ്രിൻസിപ്പലിന്റെ കസേര കത്തിച്ച സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്ത് 3 വിദ്യാർത്ഥികളെ അറസ്റ്റ് ചെയ്യുകയും തുടരന്വേഷണം നടത്തിവരികയുമാണ്. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജ്, പാലക്കാട് വിക്ടോറിയ കോളേജ്, തൃശ്ശൂർ ഗവ. ലാ കോളേജ്, തൊടുപുഴ ന്യൂമാൻസ് കോളേജ് എന്നിവിടങ്ങളിൽ നടന്നിട്ടുള്ള സംഭവങ്ങളുമായി ബന്ധപ്പെട്ടും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരള യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് സർവ്വീസ് ഡയറക്ടർ ഡോ. വിജയലക്ഷ്മിയുടെ പരാതിയിന്മേൽ കേസെടുത്ത് നിയമനടപടികൾ സ്വീകരിച്ചുവരുന്നു. മഹാരാജാസ് കോളേജ് ഹോസ്റ്റൽ മുറിയിൽ നിന്ന് ആയുധം കണ്ടെത്തിയ സംഭവത്തിൽ മറ്റു കോളേജുകൾക്ക് യാതൊരു ബന്ധവുമില്ല. പോലീസ് നടപടിയിൽ ബാഹ്യ ഇടപെടലുകളൊന്നുമുണ്ടായിട്ടില്ല. മഹാരാജാസ് ഉൾപ്പെടെയുള്ള കോളേജുകളിൽ നടന്നിട്ടുള്ള അക്രമസംഭവങ്ങളുമായി ബന്ധപ്പെട്ട് ചില വിദ്യാർത്ഥികൾക്കെതിരെ കേസെടുത്ത് മേൽനടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. പി. ടി. തോമസ്: എറണാകുളം മഹാരാജാസ് കോളേജ് സാമൂഹ്യ വിരുദ്ധരുടെയും ക്രിമിനലുകളുടെയും താവളമായി മാറിയിരിക്കുകയാണ്. കോളേജ്

ഹോസ്റ്റൽ പ്രവർത്തനരഹിതമായതുകൊണ്ട് കുട്ടികളെ താമസിപ്പിച്ചിരുന്ന സ്റ്റാഫ് ക്വാർട്ടേഴ്സിൽ നിന്നും വടിവാൾ ഉൾപ്പെടെയുള്ള മാരകായുധങ്ങൾ കണ്ടെടുത്ത സംഭവം കേരള സമൂഹത്തെ ഞെട്ടിച്ചിരിക്കുകയാണ്. നിരന്തരമായി നടക്കുന്ന അക്രമ പ്രവർത്തനങ്ങൾ കോളേജ് ക്യാമ്പസിന്റെ സമാധാനാന്തരീക്ഷം തകർക്കുകയാണ്. പ്രിൻസിപ്പലിന്റെ കസേര കത്തിച്ച സംഭവവുമായി ബന്ധപ്പെട്ട് 11 അദ്ധ്യാപകരുടെ പേരിൽ നടപടി സ്വീകരിക്കണമെന്ന കോളേജ് കൗൺസിലിന്റെ തീരുമാനം ഇതുവരെ നടപ്പാക്കിയിട്ടില്ല. സ്വകാര്യ-സ്വാശ്രയ മാനേജ്മെന്റുകളെ സഹായിക്കുന്നതിനുവേണ്ടി കേരളത്തിലെ കലാലയങ്ങളിൽ എസ്.എഫ്.ഐ., എ.ബി.വി.പി. അടക്കമുള്ള സംഘടനകൾ അരാജകത്വം സൃഷ്ടിക്കുകയാണ്. അക്രമപ്രവർത്തനങ്ങളിൽനിന്നും കേരളത്തിലെ കോളേജ് ക്യാമ്പസുകളെ രക്ഷിക്കണം. എറണാകുളം മഹാരാജാസ് കോളേജ് പ്രിൻസിപ്പലിന്റെ കസേര കത്തിച്ചവർക്കെതിരെയും പാലക്കാട് വിക്ടോറിയ കോളേജ്, തൃശ്ശൂർ ഗവ. ലാ കോളേജ് പ്രിൻസിപ്പൽമാരേയും കേരള യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് സർവ്വീസ് ഡയറക്ടർ ഡോ. വിജയലക്ഷ്മിയേയും അപമാനിച്ചവർക്കെതിരെ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): എറണാകുളം മഹാരാജാസ് കോളേജ് ഹോസ്റ്റലിൽനിന്നും നിർമ്മാണ പ്രവർത്തനങ്ങൾക്കുപയോഗിക്കുന്ന വസ്തുക്കളല്ലാതെ

വടിവാൾ, ബോംബ് തുടങ്ങിയ മാരകായുധങ്ങൾ പോലീസ് കണ്ടെത്തിയിട്ടില്ല; ഹോസ്റ്റലിന്റെ സമീപ പ്രദേശത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുമുണ്ട്. ഇതുസംബന്ധിച്ച് പോലീസ് എഫ്.ഐ.ആർ. തയ്യാറാക്കിയിട്ടുണ്ട്. വിദ്യാർത്ഥികൾ ഒഴിഞ്ഞുപോയതിനുശേഷം ഹോസ്റ്റൽ മുറിയിൽ ആയുധങ്ങൾ കൊണ്ടു വച്ചതാരാണെന്നുള്ളത് സംബന്ധിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതാണ്. കേരളത്തിലെ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനും അന്താരാഷ്ട്ര തലത്തിൽ പ്രശംസ പിടിച്ചുപറ്റത്തക്ക കലാലയങ്ങളാക്കി ഉയർത്താനുമുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തുന്നത്. കോളേജ് ക്യാമ്പസുകളിൽ സാമൂഹ്യവിരുദ്ധർ അഴിഞ്ഞാടുകയാണെന്നുള്ള പരാമർശവും സംസ്ഥാനത്തെ പ്രശസ്തമായ കലാലയങ്ങളെ അധിക്ഷേപിക്കുന്നതും ശരിയായ നടപടിയല്ല. കോളേജ് പ്രിൻസിപ്പലിന്റെ കസേര കത്തിച്ച സംഭവത്തിലെ പ്രതികളെ അറസ്റ്റ് ചെയ്യുകയും അന്വേഷണം നടന്നുകൊണ്ടിരിക്കുകയുമാണ്. കേസിൽ പ്രതികളായവരെ സംരക്ഷിക്കുന്ന നിലപാട് എൽ.ഡി.എഫ്. സർക്കാറിനില്ല. നടപടികളാവശ്യമായ സ്ഥലങ്ങളിലെല്ലാം ശക്തമായ നിലപാട് സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല,

അനൂപ് ജേക്കബ്, കെ. എം. മാണി, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോയി. ശ്രീ. ഒ. രാജഗോപാലും പ്രസ്താവന നടത്തിയശേഷം സഭവിട്ട് പുറത്തുപോയി.

സഭവിട്ടു പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ ഹാജരായി.)

## II ശ്രദ്ധക്ഷണിക്കൽ

### (1) കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് പ്രത്യേക സംവിധാനം

ശ്രീ. കെ. കൃഷ്ണൻകുട്ടി: കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിനും ലഭിച്ച പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കണം. സംസ്ഥാനം പിന്നിലാകുന്നതിന്റെ പ്രധാന കാരണം ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനമില്ലായ്മയും മാർഗ്ഗരേഖ അനുസരിച്ചുള്ള പദ്ധതി റിപ്പോർട്ട് കേന്ദ്രത്തിന് സമർപ്പിക്കുന്നതിലുള്ള കാലതാമസവുമാണ്. കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിൽ ഗ്രാന്റായി ലഭിക്കുന്ന 60 ശതമാനത്തോളം തുക നേടിയെടുക്കേണ്ടതാണ്. പി.എം.കെ.എസ്.വൈ., അമൃത്, സ്മാർട്ട്സിറ്റി, ഗ്രാമീണ റോഡ് വികസനം, കുടിവെള്ളം തുടങ്ങിയ പദ്ധതി

പ്രവർത്തനങ്ങൾ വളരെ മന്ദഗതിയിലാണ്. ഗ്രീൻ ക്ലൈമറ്റ് ഫണ്ട് നേടിയെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. പദ്ധതി നിർവ്വഹണത്തിലെ പ്രായോഗിക ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും ജില്ലാതലത്തിൽ രൂപീകരിക്കപ്പെട്ട കമ്മിറ്റികളുടെ പ്രവർത്തനം വിലയിരുത്തണം. പദ്ധതി നടത്തിപ്പിനായി മുഖ്യമന്ത്രിയുടെ കീഴിൽ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>):കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എണ്ണം 66-ൽ നിന്ന് 28 ആയി കുറയ്ക്കുകയും ചില പ്രധാന പദ്ധതികൾ കേന്ദ്രാവിഷ്കൃത പദ്ധതികളിൽനിന്ന് മാറ്റി മറ്റ് പദ്ധതികളുമായി ലയിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 'core of the core' പദ്ധതികൾക്കുമാത്രമാണ് മുമ്പുണ്ടായിരുന്ന ഫണ്ടിംഗ് രീതി ഇപ്പോൾ നിലനിൽക്കുന്നത് . 'core' എന്ന വിഭാഗത്തിൽ 60 ശതമാനം കേന്ദ്രവിഹിതവും 40 ശതമാനം സംസ്ഥാന വിഹിതവുമാണ്. നിർത്തലാക്കിയ പദ്ധതികൾ പൂർത്തീകരിക്കാൻ സംസ്ഥാന സർക്കാർ തുക വകയിരുത്തുന്നുണ്ട്. മുഖ്യമന്ത്രി തലത്തിലും ചീഫ് സെക്രട്ടറി തലത്തിലും അവലോകനം നടത്തി പദ്ധതി വിഹിതം നിശ്ചിത കാലയളവിൽ നേടിയെടുക്കുന്നതിന് ബന്ധപ്പെട്ട സെക്രട്ടറിമാരെ ചുമതലപ്പെടുത്തുകയും വകുപ്പുമേധാവികളെ നോഡൽ ഓഫീസർമാരായി

നിയമിക്കുകയും നോഡൽ ഓഫീസർമാർ അതാത് വകുപ്പുകൾക്കാവശ്യമായ പ്രോജക്റ്റുകൾ സമയബന്ധിതമായി തയ്യാറാക്കി സമർപ്പിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഡൽഹിയിലെ റെസിഡന്റ് കമ്മീഷണർ കേന്ദ്ര മന്ത്രാലയങ്ങളുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കണമെന്നും തീരുമാനമെടുത്തിട്ടുണ്ട്. 27-8-2016- ലെ ഉത്തരവുപ്രകാരം ആസൂത്രണ സാമ്പത്തികകാര്യ വിഭാഗത്തെ കോ-ഓർഡിനേഷൻ സെൽ ഫോർ സെൻട്രലി സ്പോൺസേർഡ് സ്കീംസ് ആയി നിശ്ചയിച്ചിട്ടുണ്ട്. ഇത്തരം നടപടികളുടെ ഫലമായി 2015-16-ൽ ലഭിക്കേണ്ടിയിരുന്ന 528 കോടി രൂപ 2016-17-ൽ ലഭ്യമായിട്ടുണ്ട്. സംസ്ഥാന വിഹിതം റിലീസ് ചെയ്യേണ്ട പദ്ധതികളിൽ ആവശ്യമായ വിഹിതം റിലീസ് ചെയ്ത് കേന്ദ്ര വിഹിതം റീ-ഇംബേഴ്സ് ചെയ്യുന്നതിന് നടപടിയെടുത്തിട്ടുണ്ട്. മുഖ്യമന്ത്രിയും മന്ത്രിമാരും പ്രത്യേക അവലോകന യോഗം ചേർന്ന് ബന്ധപ്പെട്ട വകുപ്പുകളുടെ പദ്ധതിവിഹിതം സംബന്ധിച്ച് അവലോകനം നടത്തണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ജില്ലാ -ബ്ലോക്ക് -താലൂക്ക് തലങ്ങളിലും ഇതിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതാണ്. കേന്ദ്ര സർക്കാർ മാതൃകയിൽ ഒരു വെബ് പോർട്ടൽ ആരംഭിച്ച് മുഖ്യമന്ത്രിയുടെ നിയന്ത്രണത്തിൽ പദ്ധതി നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതാണ്. ഗ്രീൻ ക്ലൈമറ്റ് ഫണ്ട് നേടിയെടുക്കുന്നതുമായി ബന്ധപ്പെട്ട കാര്യം പരിശോധിക്കുന്നതാണ്.

## (2) കുടിവെള്ള പദ്ധതികൾ

ഡോ. എൻ. ജയരാജ്: വാട്ടർ അതോറിറ്റി ഏറ്റെടുക്കുന്ന പല പദ്ധതികളും പൂർണ്ണമായും കമ്മിഷൻ ചെയ്ത് നടപ്പിലാക്കാൻ സാധിക്കുന്നില്ല. അതിരൂക്ഷമായ വരൾച്ചയും കുടിവെള്ളക്ഷാമവും നേരിടുന്ന ഈ കാലഘട്ടത്തിൽ ഗവൺമെന്റിന്റെ കൃത്യമായ ഇടപെടലുകളും ദീർഘവീക്ഷണത്തോടുകൂടിയുള്ള സമീപനവും അത്യാവശ്യമാണ്. പൊതുമരാമത്ത്, ബി.എസ്.എൻ.എൽ., കെ.എസ്.ഇ.ബി., ജലവിഭവം തുടങ്ങിയ വകുപ്പുകളുടെ ഏകോപനമില്ലായ്മ കാരണം പദ്ധതികളുടെ പ്രയോജനം ജനങ്ങളിൽ എത്തിക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്നു. കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള തുക വെട്ടിക്കുറച്ചിരിക്കുന്നതിനാൽ സംസ്ഥാന ഫണ്ടിൽ നിന്നുതന്നെ അവയ്ക്ക് പണം കണ്ടെത്തേണ്ട സാഹചര്യമുണ്ട്. കാലഘട്ടത്തിനനുസരിച്ച് വാട്ടർചാർജ്ജ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. ജലവിഭവ വകുപ്പിന്റെ മെയിന്റനൻസ് വിഭാഗം കാര്യക്ഷമമല്ല. പഴയ മോട്ടോറുകളും പൈപ്പുകളും കൃത്യസമയത്ത് മാറ്റുന്നതിനും കരാറുകാരുടെ കുടിശ്ശികത്തുക നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണം. അതിരൂക്ഷമായ വരൾച്ച നേരിടുന്നതിനായി ജലവിഭവ വകുപ്പിനെ കൂടുതൽ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): എൻ.ആർ.ഡി.ഡബ്ല്യു.പി.-യുടെ കേന്ദ്രവിഹിതം 50 കോടി രൂപയായി കുറച്ചിരിക്കുകയാണ്. ഈ രംഗത്ത് 234 കോടി രൂപയുടെ കുടിശ്ശിക തീർക്കാനുണ്ട്. ആയിരത്തോളം കോടി രൂപയുടെ പ്രവൃത്തികൾ ഇപ്പോൾ വാട്ടർ അതോറിറ്റി ഏറ്റെടുത്തുകഴിഞ്ഞു. പണമില്ലാത്തതിനാൽ നിർത്തിവച്ചിരിക്കുന്ന എൻ.ആർ.ഡി.ഡബ്ല്യു.പി.-യുടെ പ്രവർത്തനം നടപ്പിലാക്കുന്നതിനെക്കുറിച്ച് പരിശോധിച്ചു വരികയാണ്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻവേണ്ടിയാണ് പ്രോജക്ട് ഡിവിഷനുകൾ രൂപീകരിച്ചത്. കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി ആവശ്യമായ സ്ഥലമെടുത്തുനൽകേണ്ടത് തദ്ദേശഭരണ സ്ഥാപനങ്ങളാണ്. പദ്ധതി അനുവദിച്ച് ടെണ്ടർ അവാർഡ് ചെയ്തതിനുശേഷം സ്ഥലം ലഭിക്കാത്തതിനാൽ നിശ്ചിത സമയ പരിധിക്കുള്ളിൽ പദ്ധതികൾ പൂർത്തിയാക്കാൻ കഴിയാതെ വരുന്നുണ്ട്. റോഡുകൾ മുറിച്ച് പൈപ്പ്‌ലൈൻ സ്ഥാപിക്കുകയും അവ പുനഃസ്ഥാപിക്കുകയും ചെയ്യേണ്ടി വരുന്നതിനാൽ പദ്ധതി തുക അധികരിക്കുകയും പൂർത്തീകരണ സമയം നീണ്ടുപോകുകയും ചെയ്യുന്നു. റെയിൽവേയുമായി ബന്ധപ്പെട്ട് പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭ്യമാകുന്നതിനുള്ള കാലതാമസം, ജലവിതരണ പദ്ധതികളുടെ നിർമ്മാണ ഘട്ടത്തിൽ പ്രാദേശികമായുണ്ടാകുന്ന എതിർപ്പ് എന്നിവ പദ്ധതിയുടെ പുരോഗതിയെ ബാധിക്കുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതി

വിഹിതത്തിലുണ്ടായ കുറവ് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ നിന്ന് കരാറുകാരെ പിന്തിരിപ്പിക്കുന്നുണ്ട്. ഹൈക്കോടതി തീരുമാനപ്രകാരമുള്ള നിരവധി കേസുകളിൽ പണം നൽകാൻ കഴിയാത്ത സ്ഥിതിയാണ്. വാട്ടർ അതോറിറ്റി രൂപീകരിച്ചതിനുശേഷം സർക്കാർ ഫണ്ടും മറ്റിതര ധനകാര്യ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായവും ഉപയോഗിച്ച് വിവിധ പദ്ധതികൾ കമ്മീഷൻ ചെയ്യുകയുണ്ടായി. 1078 പദ്ധതികൾ മുഖേന മൂവായിരത്തോളം ദശലക്ഷം ലിറ്റർ ശുദ്ധജലം പ്രതിദിനം കേരളത്തിൽ വിതരണം ചെയ്യുന്നുണ്ടെങ്കിലും ഇനിയും വർദ്ധനവുണ്ടാകേണ്ടതുണ്ട്. പദ്ധതികളുടെ നിർമ്മാണ പുരോഗതി വില യിരുത്തുന്നതിന് അവലോകന യോഗങ്ങൾ ചേരുകയും മറ്റ് വകുപ്പുകളുടെ അനുമതി സമയബന്ധിതമായി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ നിയോജക മണ്ഡലങ്ങളിലേയും എം.എൽ.എ.-മാരുടേയും വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടേയും സംയുക്ത യോഗം വിളിച്ചുകൂട്ടി പദ്ധതി രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നുണ്ട്. വരൾച്ചയുമായി ബന്ധപ്പെട്ട് മേഖലാടിസ്ഥാനത്തിൽ യോഗം നടത്തി ജനപ്രതിനിധികൾ ചൂണ്ടിക്കാണിക്കുന്ന പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഗവൺമെന്റിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ നിരക്ക് വർദ്ധന

നടപ്പാക്കാൻ സാധിക്കുകയുള്ളൂ. ഒരു കുപ്പി വെള്ളത്തിന് 20 രൂപ നൽകുമ്പോൾ ശുദ്ധീകരിച്ച 1000 ലിറ്റർ വെള്ളത്തിന് 4 രൂപ മാത്രമാണ് വാട്ടർ അതോറിറ്റി ഈടാക്കുന്നത്. കുടിവെള്ളം ജനങ്ങളുടെ അവകാശമായതിനാലും നിരക്ക് വർദ്ധന നയപരമായ തീരുമാനമായതിനാലും അതിൽ വ്യതിയാനം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പദ്ധതികൾ മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മണിമല മേജർ പദ്ധതിയുടെ ചില ഘടകങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. മറ്റുള്ളവയുടെ ടെണ്ടർ നടപടികൾ ഉടൻ തന്നെ ആരംഭിക്കുന്നതാണ്.

**III സബ്മിഷൻ**

(1) സൈബർ കേസ്

ശ്രീ. എം. സ്വരാജ്: സൈബർ കേസുകളിൽ അന്വേഷണം വേഗത്തിലാക്കുന്നതിനും കുറ്റവാളികൾക്ക് മാതൃകാപരമായ ശിക്ഷ ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ഇന്ത്യയിൽ സൈബർ കുറ്റകൃത്യങ്ങളുടെ വളർച്ചാനിരക്ക് 60 ശതമാനത്തോളം വർദ്ധിച്ചിട്ടുണ്ട്. ഇന്റർനെറ്റിന്റെയും സ്മാർട്ട്ഫോണുകളുടെയും വളർച്ചയുടെ ഭാഗമായി സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ ആളുകൾ ഇന്റർനെറ്റ്

വഴിയുള്ള കുറ്റകൃത്യത്തിലേയ്ക്ക് തിരിയുന്നതായി കാണുന്നുണ്ട്. രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളിൽ ശാസ്ത്രീയമായ തെളിവുകൾ ശേഖരിക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലില്ലാത്തതിനാൽ സാമ്പിളുകൾ ഫോറൻസിക് സയൻസ് ലാബിൽ മുൻഗണനാക്രമം അനുസരിച്ച് പരിശോധിച്ച് അന്തിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കാൻ കാലതാമസം നേരിടുന്നു. സൈബർ സുരക്ഷയുടെ നേതൃനിരയിലേയ്ക്ക് പോലീസ് സേനയെ ഉയർത്തുന്നതിന് ആവശ്യമായ പരിശീലനം നൽകുന്നതോടൊപ്പം രാജ്യത്തെ ഏറ്റവും മികച്ച പോലീസ് സേനയാക്കി കേരള പോലീസിനെ മാറ്റുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അതുവഴി കുറ്റാന്വേഷണം വേഗത്തിൽ പൂർത്തിയാക്കുന്നതിനും പ്രതികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനും കഴിയും.

(2) മാസ്റ്റർ നിസാമുദ്ദീന്റെ തിരോധാനം

ശ്രീ. എ. എം. ആരിഫ്: 08-04-2017 മുതൽ കാണാതായ താജുവിന്റെ മകൻ മാസ്റ്റർ നിസാമുദ്ദീനെ കണ്ടെത്തുന്നതിനും സ്പെഷ്യൽ ടീമിനെ നിയോഗിച്ച് അന്വേഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): അരൂർ മണ്ഡലത്തിലെ പാണാപ്പള്ളി തോട്ടത്തിൽ വീട്ടിൽ താജുവിന്റെ മകൻ നിസാമുദ്ദീനെ ഏപ്രിൽ 8 മുതൽ കാണാതായെന്ന പിതാവിന്റെ

പരാതിയുടെ അടിസ്ഥാനത്തിൽ കുറ്റാക്കൽ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. 12-04-2017-ന് അന്വേഷണം ഏറ്റെടുത്ത ചേർത്തല പോലീസ് നിസാമുദ്ദീൻ ഉപയോഗിച്ചിരുന്ന മൊബൈൽ ഫോണിലെ വിവരങ്ങൾ കേന്ദ്രീകരിച്ച് അന്വേഷണം നടത്തുകയും പത്ര-ദൃശ്യ മാധ്യമങ്ങളിലും ആളുകൾ കൂടുന്ന എല്ലാ സ്ഥലങ്ങളിലും ലുക്ക് ഔട്ട് നോട്ടീസ് തയ്യാറാക്കി പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സമഗ്രമായ അന്വേഷണത്തിന് ചേർത്തല ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ സ്പെഷ്യൽ ടീമിനെ നിയോഗിച്ച് നിസാമുദ്ദീനെ എത്രയും വേഗം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(3) വേമ്പനാട് ഇക്കോ ഡെവലപ്മെന്റ് അതോറിറ്റി രൂപീകരണം

ശ്രീ. ജോൺ ഫെർണാണ്ടസ്: വേമ്പനാട് കായലിന് പ്രത്യേക പദവി നൽകി വേമ്പനാട് ഇക്കോ ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): എറണാകുളം ജില്ലയിലെ വ്യവസായ-വാണിജ്യ-മത്സ്യബന്ധന-വിനോദസഞ്ചാര മേഖലകളുടെ അഭിവൃദ്ധിയുടെ അടിത്തറയും വിവിധ മത്സ്യങ്ങളുടെയും കക്കകളുടെയും കലവറയുമായ വേമ്പനാട് കായലിന്റെ വിസ്തൃതി 40

ശതമാനം ശോഷിച്ചതായും ആഴം 65 ശതമാനം കുറഞ്ഞതായും കണക്കാക്കുന്നു. പോളയുടെ വ്യാപനവും അശാസ്ത്രീയവും അമിതവുമായ മത്സ്യബന്ധനവും വേമ്പനാട് കായലിന്റെ മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. നഗര-വ്യാവസായികവൽക്കരണവും നിർമ്മാണപ്രവർത്തനങ്ങളും കായലിന്റെ മലിനീകരണത്തിന് ആക്കം കൂട്ടിയിട്ടുണ്ട്. ഇത് മത്സ്യസമ്പത്തിനെയും മത്സ്യത്തൊഴിലാളികളുടെ ജീവിതത്തേയും സാരമായി ബാധിച്ചിട്ടുണ്ട്. തണ്ണീർത്തടങ്ങളുടെ പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും ശാസ്ത്രീയമായ പരിഹാരം കാണുന്നതിനും ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനത്തോടെ വിദഗ്ദ്ധ സമിതിയെ നിയോഗിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(4) <u>പുതിയ താലൂക്ക്</u>

<u>ശ്രീ. കെ. ബാബു</u>: നെന്മാറ ആസ്ഥാനമായി പുതിയ താലൂക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. ഇ. ചന്ദ്രശേഖരൻ)</u>: പാലക്കാട് ജില്ലയിലെ ചിറ്റൂർ, കൊഴിഞ്ഞാം പാറ, കൊല്ലങ്കോട്, നെന്മാറ എന്നീ പ്രദേശങ്ങൾ മുൻഫർക്കകളിൽ ഉൾപ്പെട്ടിരുന്നതാണ്. ഒന്നിലധികം വില്ലേജുകൾ കൂട്ടിച്ചേർത്ത ഫർക്കകൾ മുമ്പുണ്ടായിരുന്നുവെങ്കിലും ഇപ്പോൾ അവ നിർത്തലാക്കി. താലൂക്ക് ആസ്ഥാനത്തുനിന്ന് വളരെ അകലെയാണ് കൊല്ലങ്കോട്, നെന്മാറ

ഫർക്കകൾ സ്ഥിതി ചെയ്യുന്നത്. പറമ്പിക്കുളം, നെല്ലിയാമ്പതി തുടങ്ങിയ സ്ഥലങ്ങളിലുള്ളവർക്ക് താലൂക്ക് ആസ്ഥാനത്ത് എത്തിച്ചേരാൻ എഴുപതും എൺപതും കിലോമീറ്ററുകൾ യാത്ര ചെയ്യേണ്ടിവരുന്നുണ്ട്. യാത്രാസൗകര്യം കുറവുള്ള വില്ലേജുകളിലുള്ളവർക്ക് താലൂക്ക് ആസ്ഥാനത്ത് എത്തിച്ചേരാൻ ഏറെ പ്രയാസമായതിനാൽ നെന്മാറ കേന്ദ്രീകരിച്ച് പുതിയ താലൂക്ക് രൂപീകരിക്കുകയാണെങ്കിൽ ജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കാൻ കഴിയുന്നതാണ്. എന്നാൽ താലൂക്ക്-വില്ലേജ് പുന:സംഘടന സംബന്ധിച്ച് തയ്യാറാക്കിയിട്ടുള്ള മുൻഗണനാലിസ്റ്റിലും ഈ വർഷത്തെ ബഡ്ജറ്റിലും നെന്മാറ താലൂക്ക് ഉൾപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ പുതിയ താലൂക്ക് രൂപീകരിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## (5) തടയണ നിർമ്മാണം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: ജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിന് ബാവിക്കരയിൽ സ്ഥിരം തടയണ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): 2005-ൽ ആരംഭിച്ച ബാവിക്കര പദ്ധതിയുടെ ഒറിജിനൽ എസ്റ്റിമേറ്റ് 2.63 കോടി രൂപയായിരുന്നു. ചെറുകിട ജലസേചനത്തിനും ഉപ്പുവെള്ള പ്രതിരോധത്തിനും കുടിവെള്ളത്തിനും

പ്രയോജനപ്പെടുന്ന പ്രസ്തുത പദ്ധതിക്ക് പുതിയ ഡി.പി.ആർ.-ഉം ഡിസൈനും തയ്യാറാക്കണമെന്നും സൈറ്റ് മാറ്റണമെന്നുമുള്ള നിർദ്ദേശം വന്നതിനെത്തുടർന്ന് ബാക്കിയുള്ള പണികൾ പൂർത്തീകരിക്കാൻ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ഇതിന് ഏതാണ്ട് 27 കോടി രൂപയോളം വേണ്ടിവരും. കാസർഗോഡ് ജില്ലയിലെ ജനങ്ങളുടെ ആവശ്യമെന്ന നിലയിൽ തുക കണ്ടെത്തി മുൻഗണന നൽകി ആവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

(6) റോഡ് പുനരുദ്ധാരണം

ശ്രീ. എൽദോസ് കുന്നപ്പിള്ളി: പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ തോട്ടപ്പാടം- പുളിയിമ്പിള്ളി റോഡിന്റെ മൂന്നര കിലോമീറ്ററോളം ഭാഗം ബി.എം.& ബി.സി. നിലവാരത്തിൽ ടാർ ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : മൂന്ന് കിലോമീറ്റർ ദൂരം വരുന്ന തോട്ടപ്പാടം-പുളിയിമ്പിള്ളി റോഡിന്റെ പുനരുദ്ധാരണത്തിനായി 2013-ൽ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ എഗ്രിമെന്റ് ഒപ്പുവച്ചെങ്കിലും ഇതുവരെ പണി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. അടുത്ത ബഡ്ജറ്റിൽ ഇതിനാവശ്യമായ തുക വകകൊള്ളിച്ച് പണി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(7) ഇ. ഇ. ഓഫീസും സെക്ഷൻ ഓഫീസും

ശ്രീ. റ്റി. വി. രാജേഷ് : കാസർഗോഡ് ജില്ലയ്ക്കുകൂടി സഹായകരമാകുന്ന വിധത്തിൽ കണ്ണൂർ ജില്ലയിൽ പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗത്തിന് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസും കൂടുതൽ സെക്ഷൻ ഓഫീസുകളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : മറ്റ് ജില്ലകളുടെ ചുമതലകൂടി നിർവ്വഹിക്കത്തക്ക രീതിയിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ മൂന്ന് ഓഫീസുകളാണ് അനുവദിച്ചിട്ടുള്ളത്. കണ്ണൂരിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്. അടിയന്തര നടപടിയെന്ന നിലയിൽ കണ്ണൂർ എ.എക്സ്.ഇ.-യുടെ ഓഫീസ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിന് ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നതാണ്. പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗത്തിന്റെ പ്രവർത്തനം മൊത്തത്തിൽ പുന:സംഘടിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

(8) ഫിഷിംഗ് ഹാർബർ നിർമ്മാണം

ശ്രീ. എ. പ്രദീപ്കുമാർ : കോഴിക്കോട് ജില്ലയിലെ വെള്ളയിൽ ഫിഷിംഗ്

ഹാർബറിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) : കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി നിർമ്മിച്ച കോഴിക്കോട് ജില്ലയിലെ വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിന് കേന്ദ്ര -സംസ്ഥാന സർക്കാരുകളുടെ ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 40 കോടി രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഹാർബറിലുണ്ടായ തിരയിളക്കംമൂലം മത്സ്യബന്ധന യാനങ്ങൾക്ക് ഹാർബറിനുള്ളിലേയ്ക്ക് കടക്കാൻ ബുദ്ധിമുട്ട് നേരിട്ടതിനെത്തുടർന്ന് കേന്ദ്ര ഗവേഷണ സ്ഥാപനമായ സി.ഡബ്ല്യൂ.പി.ആർ.എസ്. നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ പുലിമുട്ടിന് 490 മീറ്റർകൂടി നീളം വർദ്ധിപ്പിക്കണമെന്ന് ശിപാർശ ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ അനുബന്ധ ജോലികൾ ഉൾപ്പെടെ പൂർത്തീകരിക്കുന്നതിന് 85.61 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും കേന്ദ്ര സർക്കാരിന്റെ ഭരണാനുമതിക്കായി സമർപ്പിക്കുകയും ചെയ്തെങ്കിലും ഹാർബറുകളുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് പണം അനുവദിക്കില്ലെന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുന്നത്. അതിനാൽ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശ പ്രത്യേകമായെടുത്ത് കിഫ്ബിയിൽ

ഉൾപ്പെടുത്താൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിക്കുകയും 22.40 കോടി രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും പുതിയ ഭരണാനുമതി ലഭിക്കുന്നതിന് കാലതാമസം നേരിടുകയാണെങ്കിൽ മറ്റ് വിഭവ സ്രോതസ്സുകളിൽ നിന്നും പണം കണ്ടെത്തി ബാക്കി പ്രവൃത്തിയും സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

## IV അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) സാമാന്യമായി പൊതുതാല്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ

(1) വരൾച്ച നേരിടുന്നതിന് കേരളത്തിന് പ്രത്യേക പാക്കേജ്

(ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർക്കുവേണ്ടി ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച പ്രമേയം)

(തുടർചർച്ച)

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സംസ്ഥാനം അഭിമുഖീകരിക്കുന്ന അതിരൂക്ഷമായ വരൾച്ചയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ സന്ദർഭോചിതമായ നടപടികൾ

സ്വീകരിച്ചിട്ടുണ്ട്. വരൾച്ച സംബന്ധിച്ച നിവേദനം കേന്ദ്ര കൃഷി വകുപ്പുമന്ത്രിക്ക് സമർപ്പിച്ചതിനെത്തുടർന്ന് കേന്ദ്ര സംഘം കേരളത്തിലെത്തി വിവിധ ജില്ലകൾ സന്ദർശിക്കുകയും മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തി തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ തുടർന്നുള്ള ആവശ്യങ്ങൾകൂടി ഉൾപ്പെടുത്തി കേന്ദ്ര സംഘത്തിന് നിവേദനം അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. വരൾച്ചയുടെ രൂക്ഷത കണക്കിലെടുത്ത് കൂടുതൽ തൊഴിൽ ദിവസങ്ങൾ സൃഷ്ടിക്കുന്നതിന് കേന്ദ്ര സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. സംസ്ഥാനത്തെ രൂക്ഷമായ വരൾച്ചയുടെ പശ്ചാത്തലത്തിൽ അധിക ഭക്ഷ്യധാന്യങ്ങൾ അനുവദിക്കണമെന്ന് കേന്ദ്രത്തോടാവശ്യപ്പെട്ടിട്ടുണ്ട്. വരൾച്ച മൂലമുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് സാധാരണ ലഭിക്കുന്ന കേന്ദ്ര സഹായത്തിനുപുറമെ പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന പ്രമേയം സഭയുടെ ഏകകണ്ഠമായ അഭിപ്രായം രൂപീകരിച്ചുകൊണ്ട് കേന്ദ്ര സർക്കാരിന് അയച്ചുകൊടുക്കാവുന്നതാണ്.

ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

(2) പ്രവാസികളുടെ സംരക്ഷണം

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: "ഉദ്ദേശം 31 ലക്ഷത്തോളം മലയാളികൾ മറ്റു

രാജ്യങ്ങളിലും സംസ്ഥാനങ്ങളിലുമായി പ്രവാസികളായുണ്ട്. കേരള മൈഗ്രേഷൻ സർവ്വേ പ്രകാരം അന്യരാജ്യങ്ങളിലേയ്ക്ക് തൊഴിൽ തേടി പോകുന്ന കേരളീയരിൽ 86.3 ശതമാനം ഗൾഫ് രാജ്യങ്ങളിലേയ്ക്കാണ് പോകുന്നത്. അതിൽ 37.5 ശതമാനം യു.എ.ഇ.-യിലും 22 ശതമാനം സൗദി അറേബ്യയിലുമാണ്. ഈ നാട്ടുകളിലെ സ്വദേശിവൽക്കരണ നയം വിശേഷിച്ച് സൗദി അറേബ്യയിൽ വാണിജ്യ കേന്ദ്രങ്ങളിൽ വിദേശികളെ ഒഴിവാക്കുന്നത് നിരവധി കേരളീയർക്ക് തൊഴിൽ നഷ്ടപ്പെടുത്തും. 11 ശതമാനത്തോളം കേരളീയർ സെയിൽസ്മാൻമാരായി തൊഴിൽ നോക്കുന്നുവെന്നാണ് കണക്ക്. പ്രവാസികൾ കേരളത്തിലേയ്ക്ക് അയയ്ക്കുന്ന പണം സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ മൂന്നിലൊന്നിലധികമാണ്. രാജ്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വിദേശ നാണയ സ്രോതസ്സായിട്ടും പ്രവാസികൾക്ക് കേന്ദ്ര സർക്കാർ വേണ്ട പരിഗണന നൽകുന്നില്ല. കയറ്റുമതിക്കാർക്ക് നൽകുന്ന പ്രോത്സാഹനങ്ങൾക്കും വിദേശനിക്ഷേപം ആകർഷിക്കാനായി നൽകുന്ന ഇളവുകൾക്കും സമാനമായ രീതിയിൽ ആനുകൂല്യങ്ങൾ നൽകി പ്രവാസികളെ പ്രതിസന്ധിഘട്ടത്തിൽ സംരക്ഷിക്കണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു." എന്ന പ്രമേയം അവതരിപ്പിക്കുന്നു.

സംസ്ഥാനത്തിന്റെ മുന്നേറ്റത്തിലും പുനർനിർമ്മിതിയിലും നിസ്തുലമായ സംഭാവനയാണ് പ്രവാസികൾ നൽകിയിട്ടുള്ളത്. സംസ്ഥാനത്തിന് വൻതോതിൽ

വിദേശനാണ്യം നേടിത്തരുന്ന പ്രവാസികളോട് നീതി പുലർത്താൻ മാറിവരുന്ന സർക്കാരുകൾക്ക് സാധിച്ചില്ല. രാജ്യത്ത് ആദ്യമായി പ്രവാസിക്ഷേമനിധി നിയമം കൊണ്ടുവരികയും പ്രവാസി വകുപ്പ് രൂപീകരിക്കുകയും ചെയ്തത് കേരളത്തിലാണ്. ക്ഷേമനിധി പെൻഷൻ തുക വർദ്ധിപ്പിക്കണമെന്ന പ്രവാസികളുടെ നിരന്തരമായ ആവശ്യം മുൻ യു.ഡി.എഫ്. സർക്കാർ നിരാകരിച്ചപ്പോൾ ഈ സർക്കാർ അത് മൂന്നിരട്ടിയാക്കി വർദ്ധിപ്പിച്ചത് സ്വാഗതാർഹമാണ്. കൂടുതൽ പ്രവാസികളെ ക്ഷേമനിധിയിൽ അംഗങ്ങളാക്കുന്നതിനും പ്രവാസിക്ഷേമ പദ്ധതികൾക്ക് കേന്ദ്ര സഹായം വാങ്ങിയെടുക്കുന്നതിനും സാധിക്കണം. എമിഗ്രേഷൻ ക്ലിയറൻസിനുവേണ്ടി പ്രവാസി മലയാളികളിൽ നിന്നും ഈടാക്കിയ തുകയുടെ ചെറിയ വിഹിതമെങ്കിലും പ്രവാസിക്ഷേമ പദ്ധതിക്കുവേണ്ടി അനുവദിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകണം. സ്വദേശിവൽക്കരണമടക്കമുള്ള ഗൾഫ് രാജ്യങ്ങളിലെ തൊഴിൽ പരിഷ്കാരങ്ങൾമൂലം ജോലി നഷ്ടപ്പെട്ട് തിരിച്ചെത്തുന്ന പ്രവാസികളെ സംരക്ഷിക്കുന്നതിന് പുനരധിവാസ പദ്ധതി രൂപീകരിക്കുന്നതിന് കേന്ദ്ര സഹായം ലഭ്യമാക്കണം. അമിതമായ വിമാനയാത്രാക്കൂലി ഒഴിവാക്കുന്നതിനും ഗൾഫ് രാജ്യങ്ങളിലെ എംബസികളിൽ മലയാളി ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും പ്രവാസികളോടുള്ള വിവേചനപരമായ നിലപാട് തിരുത്തുന്നതിനും കേന്ദ്ര സർക്കാർ തയ്യാറാകണം. ഈ പ്രമേയം അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. വി. കെ.സി. മമ്മത് കോയ : പ്രമേയത്തെ പിൻതാങ്ങുന്നു. നോർക്കയുടെ പ്രവർത്തനങ്ങൾക്കായി 61 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത് ആശ്വാസകരമാണ്. യു.എ.ഇ.-യുടെ കോൺസുലേറ്റ് തിരുവനന്തപുരത്ത് ആരംഭിച്ചിട്ടുണ്ടെങ്കിലും അറ്റസ്റ്റേഷനുള്ള അനുമതി നോർക്കയ്ക്ക് നൽകിയിട്ടില്ലാത്തതിനാൽ സ്വകാര്യ ഏജൻസികളുടെ കടന്നുകയറ്റം ഇപ്പോഴും തുടരുകയാണ്. പ്രവാസിക്ഷേമ ഫണ്ടിൽ 6 കോടി രൂപയും പുനരധിവാസത്തിനുവേണ്ടി 18 കോടി രൂപയും വകയിരുത്തിയത് ശ്രദ്ധേയമായ നേട്ടമാണ്. പ്രവാസി ക്ഷേമ പെൻഷൻ 500 രൂപയിൽ നിന്നും 2000 രൂപയായി വർദ്ധിപ്പിച്ച നടപടി അഭിനന്ദനാർഹമാണ്. സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കണം. വിശേഷാവസരങ്ങളിൽ വിമാന കമ്പനികൾ ഏർപ്പെടുത്തുന്ന നിരക്ക് വർദ്ധന നിയന്ത്രിക്കുന്നതിന് ഫലപ്രദമായ ഇടപെടലുണ്ടാകണം.

ശ്രീ. പി.ടി. തോമസ് : “പ്രവാസികൾക്ക് കേന്ദ്ര സർക്കാർ" എന്നതിനു പകരം "പ്രവാസികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകൾ" എന്നും "സംരക്ഷിക്കണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു” എന്നതിനു പകരം "സംരക്ഷിക്കണമെന്നും പ്രവാസിക്ഷേമനിധിയുടെ പ്രവർത്തനം

കൂടുതൽ കാര്യക്ഷമമാക്കണമെന്നും ഈ സഭ കേന്ദ്ര സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെടുന്നു" എന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നോർക്ക വകുപ്പിൽ പ്രവാസികളെ സംബന്ധിച്ച ധാരാളം ഫയലുകൾ കെട്ടിക്കിടക്കുന്നുണ്ടെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് " കേന്ദ്ര സർക്കാർ" എന്നതിനു പകരം " കേന്ദ്ര സംസ്ഥാന സർക്കാരുകൾ" എന്ന് ഭേദഗതി കൊണ്ടുവന്നത് പ്രതിസന്ധി ഘട്ടങ്ങളിൽ പ്രവാസികൾക്ക് ആശ്വാസം നൽകാൻ യു.ഡി.എഫ്. സർക്കാർ സ്വീകരിച്ച നടപടിയെക്കുറിച്ചൊന്നും പ്രമേയത്തിൽ സൂചിപ്പിക്കാത്തത് ഖേദകരമാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റാണ് നോർക്ക റൂട്ട്സ് വഴി നഴ്സുമാരുടെ റിക്രൂട്ട്മെന്റ് നടത്തിയത്. പ്രവാസി ക്ഷേമത്തിനായി നടത്തിയ പ്രഖ്യാപനങ്ങൾ അടിയന്തരമായി പ്രാവർത്തികമാക്കണം. സീസൺകാലത്ത് വിമാന കമ്പനികൾ യാത്രാക്കൂലി വർദ്ധിപ്പിക്കുന്നത് തടയാനുള്ള കർശന നടപടിയുണ്ടാകണം. പ്രവാസികളുടെ കുട്ടികൾക്ക് കേരളത്തിലെ സ്കൂളുകളിലും കോളേജുകളിലും അഡ്മിഷൻ ഉറപ്പുവരുത്തണം. പ്രവാസി മലയാളികളുടെ ക്ഷേമ കാര്യങ്ങളിൽ കൂടുതൽ താല്പര്യമെടുത്തുകൊണ്ട് ശക്തമായ നടപടികളുമായി മുന്നോട്ടുപോകണം.

<u>ശ്രീ. ഇ.കെ. വിജയൻ</u> : പ്രമേയത്തെ പിന്താങ്ങുന്നു. സീസൺ കാലത്ത് വിമാന കമ്പനികൾ യാത്രാക്കൂലി വർദ്ധിപ്പിക്കുന്നത് നിയന്ത്രിക്കണം. പ്രവാസി

ജീവിതവുമായി ബന്ധപ്പെട്ട് പല മേഖലകളിലും മാറ്റം വന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പ്രവാസികളെ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ഡോ. എൻ. ജയരാജ് : പ്രമേയത്തെ പിന്താങ്ങുന്നു. പ്രവാസികളുടെ ക്ഷേമത്തിനുവേണ്ടി ധാരാളം പ്രമേയങ്ങൾ പാസ്സാക്കിയിട്ടുണ്ടെങ്കിലും പ്രായോഗികമായ ഒരു തീരുമാനമെടുക്കാൻ ഇതുവരേയും സാധിച്ചിട്ടില്ല. വിദേശമലയാളികളുടെ പണംകൊണ്ടാണ് സമ്പദ്‌വ്യവസ്ഥ ശക്തിപ്പെടുത്തുന്നത്. ഈ പ്രമേയത്തിന്റെ അന്ത:സത്ത ഉൾകൊണ്ടുകൊണ്ട് പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. പി. ഉബൈദുള്ള: പ്രമേയത്തെ പിന്താങ്ങുന്നു. രാജ്യത്തിന്റെ സമ്പദ്ഘടന പരിപോഷിപ്പിക്കുന്നതിൽ പ്രവാസിസമൂഹം പ്രധാന പങ്കുവഹിക്കുന്നു. സ്വദേശിവൽക്കരണത്തിന്റെ ഭാഗമായി ജോലി നഷ്ടപ്പെട്ട് നാട്ടിലേയ്ക്ക് തിരിച്ചുവരുന്ന പ്രവാസികൾക്കായി പുനരധിവാസ പാക്കേജ് നടപ്പിലാക്കുന്നതിനും വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ഭവനരഹിതരായ പ്രവാസികൾക്ക് വീടുനിർമ്മിക്കുന്നതിന് പലിശരഹിത വായ്പ നൽകുന്നതിനും വിമാനക്കമ്പനികളുടെ കൊള്ള അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. പ്രവാസികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനുള്ള ശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം.

(3) ശ്രീ. കെ.വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച അനൗദ്യോഗിക പ്രമേയത്തിനുപകരമായി സഭ പാസ്സാക്കിയ ഔദ്യോഗിക പ്രമേയം

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): " ഉദ്ദേശം 35 ലക്ഷത്തോളം മലയാളികൾ മറ്റുരാജ്യങ്ങളിലും സംസ്ഥാനങ്ങളിലുമായി പ്രവാസികളായിട്ടുണ്ട്. കേരള മൈഗ്രേഷൻ സർവ്വേ പ്രകാരം അന്യ രാജ്യങ്ങളിലേയ്ക്ക് തൊഴിൽതേടിപ്പോകുന്ന കേരളീയരിൽ 86.3 ശതമാനം ഗൾഫ് രാജ്യങ്ങളിലേയ്ക്കാണ് പോകുന്നത്. ഇതിൽ 37.5 ശതമാനം യു.എ.ഇ.-യിലും 22 ശതമാനം സൗദി അറേബ്യയിലുമാണ്. ഈ നാട്ടുകളിലെ സ്വദേശിവൽക്കരണനയം വിശേഷിച്ച് സൗദി അറേബ്യയിൽ വാണിജ്യകേന്ദ്രങ്ങളിൽ വിദേശികളെ ഒഴിവാക്കുന്നത് നിരവധി കേരളീയർക്ക് തൊഴിൽ നഷ്ടപ്പെടുത്തും. 11 ശതമാനത്തോളം കേരളീയർ സെയിൽസ്മാൻമാരായി തൊഴിൽ നോക്കുന്നുയെന്നുമാണ് കണക്ക്. പ്രവാസികൾ കേരളത്തിലേയ്ക്ക് അയയ്ക്കുന്ന പണം സംസ്ഥാന ആഭ്യന്തരോത്പാദനത്തിന്റെ മൂന്നിലൊന്നിലധികമാണ്. രാജ്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വിദേശ നാണയ സ്രോതസ്സായിട്ടും പ്രവാസികൾക്ക് കേന്ദ്ര സർക്കാർ വേണ്ട പരിഗണന നൽകുന്നില്ല. കയറ്റുമതിക്കാർക്ക് നൽകുന്ന പ്രോത്സാഹനങ്ങൾക്കും വിദേശ നിക്ഷേപങ്ങൾ ആകർഷിക്കാനായി നൽകുന്ന ഇളവുകൾക്കും സമാനമായ രീതിയിൽ

ആനുകൂല്യങ്ങൾ നൽകി പ്രവാസികളെ പ്രതിസന്ധിഘട്ടത്തിൽ സംരക്ഷിക്കണമെന്നും ആ രാജ്യങ്ങളിലെ ചേംബർ ഓഫ് കൊമേഴ്സ് , വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയവയുമായി ആശയവിനിമയം നടത്തി മറ്റുസ്ഥാപനങ്ങളിൽ അവർക്ക് ജോലി ലഭിക്കുന്നതിനും നടപടികൾ സ്വീകരിക്കാൻ ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു." എന്ന ഔദ്യോഗിക പ്രമേയം അവതരിപ്പിക്കുന്നു.

നോർക്കയുമായി ബന്ധപ്പെട്ട എല്ലാ ഫയലുകളിന്മേലും നടപടി സ്വീകരിച്ചിട്ടുണ്ട്. സ്വദേശിവത്കരണത്തിന്റെ ഭാഗമായി ജോലി നഷ്ടപ്പെട്ട് തിരികെയെത്തുന്ന പ്രവാസികളെ സഹായിക്കുന്നതിന് സാധ്യമായ എല്ലാ കാര്യങ്ങളും ചെയ്തിട്ടുണ്ട്. പ്രവാസി മലയാളികളുടെ പുനരധിവാസത്തിനായി നിലവിലുള്ള എൻ.ഡി.പി.ആർ.ഇ.- പദ്ധതി കൂടുതൽ ആകർഷകമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആസ്ട്രേലിയയിലേയ്ക്കുള്ള വിസയിലും എമിഗ്രേഷൻ ചട്ടങ്ങളിലും ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണത്തിൽ ഇളവു വരുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നതാണ്.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിക്കുകയും ശ്രീ. കെ. വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിക്കുകയും ചെയ്തു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക പ്രമേയം സഭ പാസ്സാക്കി.

(4) <u>സ്വകാര്യ ആശുപത്രികളുടെ ചൂഷണവും യോഗ്യതയില്ലാത്ത ജീവനക്കാരും</u>

<u>ശ്രീ. സി. മമ്മൂട്ടി</u>: "സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലും ലബോറട്ടറികളിലും മതിയായ യോഗ്യതയില്ലാത്ത ജീവനക്കാരെ നിയമിക്കുന്ന രീതി നിയന്ത്രിക്കുന്നതിനും പരിശോധനയ്ക്കും ചികിത്സയ്ക്കുംവേണ്ടി ഇത്തരം സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടിവരുന്ന രോഗികളിൽനിന്നും ഒരു വ്യവസ്ഥയുമില്ലാതെ അമിത ഫീസ് ഈടാക്കി ചൂഷണം ചെയ്യുന്ന സ്ഥിതിവിശേഷം നിയന്ത്രിച്ച് രോഗികൾക്കും അവരുടെ കുടുംബത്തിനും ആശ്വാസം നൽകുന്നതിന് മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഉറപ്പുവരുത്തുന്നതിനും ആവശ്യമെങ്കിൽ നിയമനിർമ്മാണമുൾപ്പെടെയുള്ള ശക്തമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് ഈ സഭ സർക്കാരിനോട് അഭ്യർത്ഥിക്കുന്നു." എന്ന പ്രമേയം അവതരിപ്പിക്കുന്നു.

സ്വകാര്യമേഖലയിൽ സാധാരണക്കാരായ രോഗികളെ ചൂഷണം ചെയ്യുന്ന അവസ്ഥാവിശേഷമാണുള്ളത്. യാതൊരു നിയന്ത്രണവുമില്ലാതെ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികളുടെയും ലാബുകളുടെയും പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും മതിയായ ശമ്പളം നൽകി സ്പെഷ്യാലിറ്റി ഡോക്ടർമാരെ ഗവൺമെന്റ് മേഖലയിൽ നിലനിർത്തുന്നതിനും നടപടിയുണ്ടാകണം. ജനങ്ങളുടെ ആരോഗ്യം കൊള്ളയടിക്കപ്പെടുന്ന അവസ്ഥാവിശേഷം നിയന്ത്രിക്കുന്നതിന് പ്രത്യേക നിയമം കൊണ്ടുവരാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: പ്രമേയത്തെ പിന്താങ്ങുന്നു. മനുഷ്യത്വരഹിതമായ പ്രവർത്തനങ്ങൾ നടത്തുന്ന സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കണം.

<u>ശ്രീമതി യു. പ്രതിഭ ഹരി</u> : വളരെയധികം പ്രാധാന്യമുള്ള ഒരു വിഷയമാണ് അവതരിപ്പിച്ചതെങ്കിലും പ്രമേയത്തിൽ ചൂണ്ടിക്കാണിച്ച വിഷയങ്ങൾ 'ആർദ്രം' പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കേണ്ടതാണ്.

(ചർച്ച തുടരും)

സഭ ഉച്ചയ്ക്കുശേഷം 12.30- ന് പിരിഞ്ഞു.

*********